# നന്മ

കുട്ടികളുടെ ക്രിസ്തീയ മാസിക

• വാല്യം 2 • ലക്കം 1
ജനുവരി 2018



For Private Circulation only

വർഷിക റിപ്പോർട്ട് പേജ് 31

www.cogsundayschool.org
Email: cgisundayschool@gmail.com

A Church of God Kerala State Sunday School Department Publication



# ആശംസകൾ!!

**ഏ**തൊരു സമൂഹത്തിന്റെയും പ്രതീക്ഷ അവരുടെ വരുംതലമുറയിലാണ്. സഭയുടെ നിലനിൽപ്പും വരുംതലമുറയുടെ ആത്മീക നിലവാരത്തിൽ ഊന്നിയാണ്. ദൈവവചനം അനുശാസിക്കുന്ന രീതിയിൽ കുട്ടികളെ വളർത്തിക്കൊണ്ടു വരിക എന്നതാണ് സഭയുടെയും കുടുംബത്തിന്റെയും ധർമ്മം.

ദൈവസഭയുടെ പരമപ്രധാനമായ ഭാഗമാണ് സണ്ടേസ്കൂൾ. അവരുടെ എല്ലാ പ്രാദേശികസഭയിലും സണ്ടേസ്കൂൾ ഉണ്ടാവട്ടെയെന്ന് ദൈവസഭ അനുശാസിക്കുന്നു. ഒരു കുട്ടി ഏതെങ്കിലും സഭയിലുണ്ടെങ്കിൽ സണ്ടേസ്കൂൾ തീർച്ചയായും സഭയിൽ തുടങ്ങിയിരിക്കുന്നു.

ദൈവസഭയുടെ വരുംതലമുറയെ പരിജ്ഞാനത്തിലും ദൈവകൃപയിലും വളർത്തിയെടുക്കുവാൻ അക്ഷീണം യത്നിക്കുന്ന സണ്ടേസ്കൂൾ ഡിപ്പാർട്ടമെന്റിന് എല്ലാ ഭാവുകങ്ങളും നേരുന്നു. പ്രസിഡന്റ്, സെക്രട്ടറി ബോർഡ് അംഗങ്ങൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു. കൂടുതൽ ഊർജ്ജസ്വലരായി കുഞ്ഞുങ്ങൾക്ക് ദൈവവചനമാകുന്ന അപ്പക്കഷണം നുറുക്കിക്കൊടുത്ത ശുശ്രൂഷയിൽ മുന്നേറുവാൻ സർവ്വശക്തൻ സഹായിക്കട്ടെ.

**റവ. സി.സി.തോമസ്**
ഓവർസിയർ, ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ, കെരളാ സ്റ്റേറ്റ്



# പ്രസിഡന്റിന്റെ കത്ത്

**ഒ**രു സൺഡേസ്കൂൾ വർഷം കൂടി നാം പിന്നിട്ടു. പുതിയ അദ്ധ്യയന വർഷത്തെ സൺഡേസ്കൂൾ കുടുംബം സ്വാഗതം ചെയ്തിരിക്കുന്നുവല്ലോ. മുൻകാല അനുഭവവരുവിൽ നിന്നും വ്യത്യസ്തമായി നമ്മുടെ കുഞ്ഞുങ്ങൾ ദൈവവചനത്തിൽ പരിജ്ഞാനികളും സൺഡേസ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ച് നല്ല ബോധ്യമുള്ളവരുമായി തീർന്നിരിക്കുന്നു. അതുപോലെ സമർപ്പണമുള്ള ഒരുപറ്റം അദ്ധ്യാപകരുടെ സേവനം ഒരിക്കലും വിസ്മരിക്കാവതല്ല. ബാല്യത്തിൽ തഴച്ചു വളരുന്ന വൃക്ഷം വാർദ്ധക്യത്തിലും ഫലം കായ്ച്ചുകൊണ്ടിരിക്കും. സ്വർഗത്തിൽ സ്ഥിരമായിരിക്കുന്ന ദൈവവചനത്തിന്റെ മൂല്യങ്ങൾ നഷ്ടപ്പെടുത്താതെ അവയെ പാലിക്കുന്നത് ഏറ്റം മഹത്തരമായ ഒന്നാണ്. ദൈവഭയമില്ലാതെ ഭ്രമം കെടുത്തുന്ന ഇന്നത്തെ യൗവനലോകത്തെ ക്രിസ്തുവിലേക്കു വിടുവാൻ തീവ്രശ്രമം നടത്തുന്ന സൺഡേസ്കൂൾ പ്രസ്ഥാനം ദൈവസഭയിലെ പ്രധാനപ്പെട്ട ഘടകമാണ്. സ്റ്റേറ്റ് സൺഡേസ്കൂൾ ബോർഡിന്റെ നിസ്വാർത്ഥ സേവനം എന്നും ഒരു അനുഗ്രഹം തന്നെയാണ്. പുതുവർഷത്തിൽ ദൈവസഭയിലെ കുഞ്ഞുങ്ങൾക്കായി നമുക്ക് പുതുസമർപ്പണം ചെയ്യാം.

**പാസ്റ്റർ റ്റി.എ.ജോർജ്**
സണ്ടേസ്കൂൾ പ്രസിഡന്റ്

# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 2 • ലക്കം 1
• ജനുവരി – മെയ് 2018


## പരീക്ഷക്കാലം വരവായ്

കൂട്ടുകാർ എല്ലാവരും വാർഷിക പരീക്ഷയുടെ തയ്യാറെടുപ്പിലായിരിക്കുമല്ലോ, അല്ലേ. ഏറ്റവും നല്ല മുന്നൊരുക്കവും ഉറച്ച ദൈവവിശ്വാസവുമുണ്ടെങ്കിൽ നിശ്ചയമായും നിങ്ങൾക്ക് ഉന്നതവിജയം കരസ്ഥമാക്കുവാൻ കഴിയും. ബുദ്ധിപരമായ വളർച്ചയോടൊപ്പം നിങ്ങളുടെ ശാരീരികആരോഗ്യവും മുഖ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. പഠനസമയത്തിനു ശേഷം നിശ്ചിതസമയം കളികൾക്കായി മാറ്റി വയ്ക്കുന്നത് ആരോഗ്യമുള്ള ശരീരത്തിന് അത്യന്താപേക്ഷിതമാണ്.

വേദപഠനവും, പ്രാർത്ഥനയും മുടക്കാത്തവരായി ആത്മീക വിഷയങ്ങൾക്ക് ഊന്നൽ കൊടുത്തു കൊണ്ടുള്ള വളർച്ചയാണ് ബാല്യപ്രായത്തിൽ ഉണ്ടാകേണ്ടത്. ഒപ്പം സാമൂഹ്യബന്ധങ്ങളിലെ ഊഷ്മളതയും നിങ്ങളെ സമഗ്രവളർച്ചയുള്ള വ്യക്തിത്വങ്ങളായി രൂപപ്പെടുത്തും. കൂട്ടുകാർക്കെല്ലാം വിജയം ആശംസിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

സ്നേഹത്തോടെ

**സാലു വർഗ്ഗീസ്**

സൺഡേസ്കൂൾ സ്റ്റേറ്റ് സെക്രട്ടറി


*വിലാസം:*
**നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505**




അങ്കിൾ ബി എഴുതുന്നു...

# ശരിയായ മുൻഗണനാ ക്രമീകരണം



പ്രിയപ്പെട്ട കൂട്ടുകാരേ...

നാം സാധാരണയായി കേൾക്കുന്ന വാക്കുകളാണ് ഇവ:

'എനിക്ക് ഒന്നിനും സമയം തികയുന്നില്ല.'

'ഞാൻ ചെയ്യേണ്ട എല്ലാ കാര്യങ്ങളും സമയത്തു ചെയ്തു തീർക്കുവാൻ കഴിയുന്നില്ല.'

'പലപ്പോഴും പല പ്രധാനപ്പെട്ട കാര്യങ്ങളും ചെയ്യുവാൻ ഞാൻ മറന്നു പോകുന്നു.'

'ഏതാണ് ആദ്യം ചെയേണ്ടത്, ഏതാണ് മാറ്റിവെയ്ക്കേണ്ടത് എന്ന് അറിയാതെ ഞാൻ കുഴയുന്നു '

കുട്ടികളായ നിങ്ങൾക്ക് ധാരാളം കാര്യങ്ങൾ ചെയ്യുവാനുണ്ട്. പഠിക്കണം, കളിക്കണം, സോഷ്യൽ മീഡിയയിൽ ആക്ടീവായി നിൽക്കണം, സ്വപ്നം കാണണം, (ദിവാസ്വപ്നവും) വീട്ടിൽ ഉള്ളവരോട് ഒപ്പം സമയം ചിലവിടണം, ദൈവീകകാര്യങ്ങൾക്ക് പങ്കെടുക്കണം, പ്രാർത്ഥിക്കണം. അങ്ങനെ പലതും. ഇതൊക്കെ എങ്ങനെ ചെയ്തു തീർക്കുവാൻ കഴിയും എന്നത് എല്ലാ കുട്ടികളുടെയും വലിയ പ്രശ്നമാണ്!

ഇത്തരം പ്രശ്നങ്ങൾക്ക് എല്ലാം ഉള്ള ഉത്തരമാണ് ശരിയായ മുൻഗണനാ ക്രമീകരണം എന്നുള്ളത്.

ഒരിക്കൽ ഒരു ക്ലാസ്സിലേക്ക് പ്രൊഫസ്സർ കടന്നു വന്നു. തന്റെ കൈയിൽ ഒരു വലിയ ഭരണി ഉണ്ടായിരുന്നു. അതിന്റെ വക്കോളം താൻ 2 ഇഞ്ച് വലിപ്പമുള്ള പാറക്കഷണങ്ങൾ നിറച്ചു. ആ ഭരണി നിറഞ്ഞതാണോ എന്ന അധ്യാപകന്റെ ചോദ്യത്തിനു കുട്ടികൾ ഏകസ്വരമായി ഉവ്വ് എന്നുത്തരം പറഞ്ഞു. എന്നാൽ പിന്നീട് കുറെ ചെറിയ കല്ലുകൾ പ്രൊഫസർ അതിനുള്ളിൽ നിക്ഷേപിച്ചു. ഒന്ന് കുലുക്കി കല്ലുകൾ ഭരണിയിൽ നിറച്ചു. ഭരണി മുഴുവൻ നിറഞ്ഞു എന്ന് കുട്ടികൾ പറഞ്ഞു. പിന്നീട് മണൽത്തരികളും വെള്ളവും ഒക്കെ ആ ഭരണിയിൽ പ്രൊഫസർ നിറയ്ക്കുന്നത് ആശ്ചര്യത്തോടെ കുട്ടികൾ നോക്കി നിന്നു. തുടർന്ന് പ്രൊഫസർ ഇപ്രകാരം പറഞ്ഞു: ആദ്യം മണൽത്തരികൾ നിറച്ചിരുന്നുവെങ്കിൽ പിന്നീട് കല്ലുകളോ പാറക്കഷണങ്ങളോ ഭരണിയിൽ നിക്ഷേപിക്കുവാൻ കഴിയില്ല. ഏതാണ് ആദ്യം എന്നുള്ളത് വളരെ പ്രാധാന്യം അർഹിക്കുന്നു. മുൻഗണനയുടെ പ്രാധാന്യം.

### എന്ത് കൊണ്ട് നാം മുൻഗണന ക്രമീകരിക്കണം?

- നമുക്ക് ഈ ലോകത്തിൽ ജീവിക്കുവാൻ വളരെ പരിമിതമായ സമയം മാത്രമേ ഉള്ളൂ. ആകാശത്തിന് കീഴിൽ ഉള്ള എല്ലാ കാര്യങ്ങളും നമുക്ക് ചെയുവാൻ കഴിയില്ല. ദൈവഹിതപ്രകാരമുള്ള കാര്യങ്ങൾ ചെയ്തു തീർത്ത് നമുക്ക് ദൈവസന്നിധിയിൽ വിശ്വസ്തരാകുവാൻ നമ്മുടെ മുൻഗണനകൾ ക്രമീകരിച്ചേ മതിയാവു.
- നമുക്ക് ലഭ്യമായ വിഭവങ്ങളും പണവും പരിമിതമാണ്. അവ ശ്രദ്ധാപൂർവമായി ചിലവഴിക്കുവാൻ നാം മുൻഗണന ക്രമീകരിക്കേണം. നമ്മുടെ ആവശ്യങ്ങൾ ദൈവം തരും. എന്നാൽ ദൈവഹിതമല്ലാത്ത ആഗ്രഹങ്ങൾ നൽകുകയില്ല താനും. നമ്മുടെ പ്രതീക്ഷകൾ കൈവരിക്കുവാൻ നാം മുൻഗണന ക്രമീകരിക്കേണം.

## ക്രിസ്തീയ മുൻഗണനാ ക്രമീകരണം

മുമ്പെ ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും.

ആദ്യം ദൈവിക കാര്യങ്ങൾ, പിന്നെ കുടുംബം, തൊഴിൽ. പഠനം, മറ്റുള്ളവർ എന്നിങ്ങനെ ആയിരിക്കേണം ക്രിസ്ത്യാനിയുടെ മുൻഗണനകൾ. പഠനമോ പാഠ്യേതര പ്രവർത്തനങ്ങളോ ഒന്നും ദൈവിക കാര്യങ്ങൾക്ക് തടസ്സമാകരുത്. തത്ക്കാല ഭോഗത്തെക്കാളും മിസ്രയിമിലെ കഷ്ടപ്പാട് തിരഞ്ഞെടുത്ത മോശെയെപ്പോലെ, ദൈവവിളി ലഭിച്ചപ്പോൾ അറേബിയയിലേക്ക് പോയ പൗലോസിനെപ്പോലെ, നമ്മുടെ മുൻഗണനകൾ ബുദ്ധിയുള്ളതായിരിക്കട്ടെ. ശരിയായി മുൻഗണന ക്രമീകരിച്ച് ദൈവഹിതം നിവർത്തിക്കുവാൻ ദൈവം എല്ലാ കൂട്ടുകാരെയും സഹായിക്കട്ടെ.

# പ്രകൃതിയിന്മേൽ അധികാരമുള്ളവൻ

ബിജു











ശിഷ്യന്മാർ യേശുവിനെ ഉണർത്തി.
ഗുരോ ഞങ്ങൾ നശിച്ചു പോകുന്നതിൽ നിനക്കു വിചാരമില്ലയോ.


യേശു എഴുന്നേറ്റ് കാറ്റിനെ ശാസിച്ചു.
കാറ്റേ, അടങ്ങൂ... കടലേ, ശാന്തമാകൂ...


ശിഷ്യന്മാർ യേശുവിൽ വിശ്വസിച്ചു.
ഇവൻ ആരാണ്, കാറ്റും കടലും ഇവനെ അനുസരിക്കുന്നല്ലോ.

# ഒന്നിച്ചു പാടാം...

**ജോയങ്കിൾ**

ഒന്നെന്നു ചൊല്ലുന്ന നേരത്തു നാമെല്ലാം
ഒന്നിച്ചിരിക്കണം കൂട്ടുകാരേ....
രണ്ടെന്നു കേൾക്കുമ്പോൾ ഉണ്ടാവണം നമ്മിൽ
പണ്ടത്തെ ഉത്സാഹം കൂട്ടുകരേ
മൂന്നെന്നു  ചൊല്ലുന്ന നേരത്തു നമ്മളോ
മുന്നിലെ ലക്ഷ്യത്തെ നോക്കിടേണം
നാലെന്നു കേൾക്കുമ്പോൾ ഓർക്കണം നമ്മളൊ
ആലംബമായ് കർത്തനേശുവുണ്ട്
അഞ്ചെന്നു കൊഞ്ചുന്ന നേരത്തു നമ്മളോ
വാഞ്ചിക്കണം കർത്തന്നാഗമനം
ആറെന്നു കേൾക്കുന്ന നേരത്തു നമ്മളോ
മാറാതെ നിന്നിടാൻ കൃപ തേടണം
ഏഴെന്നു മൊഴിയുന്ന നേരത്തുനാമെല്ലാം
ഏഴകൾ തന്നെയെന്നോർത്തിടേണം
എട്ടെന്നു ചൊല്ലുന്ന നേരത്തു നാമോർക്ക
പതിരല്ല നല്ലതാം വിത്താണു നാം






വായിച്ചു കൊടുക്കാൻ

# തിന്മകൾക്ക് ഇടം നൽകരുത്

ഒരിക്കൽ ഒരു ഗ്രാമത്തിൽ വലിയൊരു മരം താമസിച്ചിരുന്നു. വലിയ തെന്ന് പറഞ്ഞാൽ ആനയുടെ വണ്ണവും ജിറാഫിനെക്കാൾ ഉയരവുമുള്ള ഒരു മഹാമരം. മാമരം എന്നായിരുന്നു നാട്ടുകാർ അതിനെ വിളിച്ചിരുന്നത്. നന്മയുള്ളവനായിരുന്ന മാമരം നാട്ടുകാർക്കെല്ലാം തണലു നൽകി നല്ല ഫലങ്ങൾ നൽകി സന്തോഷിപ്പിച്ചു പൊന്നു. ആര് എന്ത് ആവശ്യപ്പെട്ടാലും നല്ലവനായിരുന്ന മാമരം അത് നിരസിച്ചിരുന്നില്ല. ഒരിക്കൽ ദൂരെ ഒരു നാട്ടിൽ നിന്നും ഒരു കറുകറെ കറുത്തൊരു കരിവണ്ട് ഗ്രാമത്തിലെത്തി, എന്നിട്ട് മാമരത്തിന്റെ അടുക്കൽ ചെന്ന് ചോദിച്ചു. മാമരമേ... മാമരമേ.. കാറ്റും മഴയും വരാറായി. എനിക്കും എന്റെ കുഞ്ഞുങ്ങൾക്കും മഴ നനയാതെ താമസിക്കാൻ നിന്റെ കൊമ്പുകളിൽ ഒരിടം തരുമോ. മറ്റൊന്നും ആലോചിക്കാതെ മാമരം കരിവണ്ടിനോട് സമ്മതം മൂളി. അന്നുതന്നെ കരിവണ്ട് തന്റെ മക്കളെയും കൂട്ടി മാമരത്തിന്റെ തടിയിലും കൊമ്പുകളിലും തന്റെ വിഷമുള്ളുകൾ കൊണ്ട് ദ്വാരങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങി. മാമരത്തിന് വേദനിച്ചു തുടങ്ങി. എങ്കിലും കരിവണ്ടിനും മക്കൾക്കും മഴയും കാറ്റും കൊള്ളാതെ ഇരിക്കാം എന്നോർത്തപ്പോൾ വേദനയെല്ലാം സഹിച്ചു. നാളുകൾക്കുള്ളിൽ മാമരത്തിൽ നിറയെ കരിവണ്ട് തുളച്ച ദ്വാരങ്ങളായി. വേനൽ വന്നപ്പോഴോ മാമരം മെല്ലെ ഉണങ്ങുവാനും തുടങ്ങി. കുറച്ച് ദിവസങ്ങൾക്കു ശേഷം നല്ലവനായിരുന്ന മാമരം ഇലയെല്ലാം കൊഴിഞ്ഞ് ശിഖരങ്ങൾ പൊഴിഞ്ഞ് വെറും ഉണക്കമരമായി മാറി. ഓർക്കൂ കൂട്ടുകാരേ തിന്മകൾക്ക് നമ്മുടെ ജീവിതത്തിൽ അവസരം നൽകിയാൽ മാമരത്തിന്റേതു പോലെയാകും നമ്മുടെ ജീവിതവും.

**റെന്നി ജെ.**





## വീടിന് നിറം കൊടുക്കാമോ?

**വലതുവശത്ത് കൊടുത്തിരിക്കുന്ന ചിത്രത്തിന്റെ നിറങ്ങൾ നോക്കി ചെയ്യണേ....**

## A, B, C, D... അറിയാമോ കൂട്ടുകാരേ

**എങ്കിൽ A മുതൽ Z വരെയുള്ള കുത്തുകൾ തമ്മിൽ വരച്ചു യോജിപ്പിച്ച് ചിത്രം പൂർത്തിയാക്കൂ...**





റെന്നി ജെ


# ഒളിച്ചോടിയ നാണയം

ഒരിക്കൽ ധനികനായൊരു മനുഷ്യന്റെ പണസഞ്ചിയിൽ ധാരാളം നാണയങ്ങൾ ഒന്നിച്ച് താമസിച്ചിരുന്നു. ധനാഢ്യനായിരുന്നെങ്കിലും തന്റെ നാണയങ്ങളിൽ വളരെ ശ്രദ്ധാലുവും അതിന്റെ മൂല്യത്തെക്കുറിച്ച് ഏറെ ബോധ്യവും ഉള്ളവനായിരുന്നു അയാൾ. അതിനാൽ ഇടയ്ക്കിടെ അദ്ദേഹം തന്റെ പണസഞ്ചി എടുത്ത് കുലുക്കിനോക്കും. അപ്പോൾ നാണയങ്ങളെല്ലാം ചേർന്ന് കലപില ശബ്ദമുണ്ടാക്കും. മാത്രവുമല്ല, താൻ ഉറങ്ങുന്നതിനു മുൻപ് വെളിച്ചത്തിനരികിൽ തന്റെ സഞ്ചി തുറന്ന് നാണയങ്ങൾ എണ്ണി തിട്ടപ്പെടുത്തി കുറവില്ല എന്നു ഉറപ്പ് വരുത്തുകയും ചെയ്യുമായിരുന്നു. നാണയങ്ങൾക്കെല്ലാം തങ്ങളുടെ യജമാനനോട് സ്നേഹമായിരുന്നു. എങ്കിലും അതിലൊരു വികൃതി നാണയത്തിന് ദൈനംദിനമുള്ള ഈ കിലുക്കൽ-എണ്ണൽ കാര്യപരിപാടിയോട് വലിയ താൽപര്യം ഇല്ലായിരുന്നു. പലപ്പോഴും യജമാനൻ സഞ്ചി കിലുക്കുമ്പോൾ അവൻ മസ്സിലു പിടിച്ച് അനങ്ങാതെയിരിക്കുവാൻ ശ്രമിക്കും, എന്നാൽ മറ്റെല്ലാവരും ചാടിത്തുള്ളി തന്റെ മേൽ മറിഞ്ഞു വീണ് ഉരുണ്ടും പിരണ്ടും കലപില ഉണ്ടാക്കും. വൈകിട്ട് യജമാനന്റെ കൈയിൽ കിട്ടാതെ എത്ര ഒഴിഞ്ഞു മാറി

യാലും അദ്ദേഹം തന്നെ തപ്പി കണ്ടുപിടിക്കും. ഈ പരിപാടി ഒന്ന് നിർത്തണം. വികൃതിക്കുട്ടൻ മനസ്സിൽ തീരുമാനിച്ചു.

പിറ്റേന്ന് രാത്രിയിൽ നാണയങ്ങൾ എണ്ണുവാനായി യജമാനൻ പണസഞ്ചി മേശപ്പുറത്തേക്ക് കുടഞ്ഞപ്പോൾ, ഇതു തന്നെതക്കം വികൃതികുട്ടൻ മേശമേൽ നിന്നുരുണ്ട് താഴെക്കു വീണ് ശബ്ദമുണ്ടാക്കാതെ വീണ്ടും ഉരുണ്ടുരുണ്ട് ആ മുറിയുടെ മൂലയിൽ ആരും ശ്രദ്ധിക്കാത്ത ഒരു കോണിൽ ചെന്ന് പതുങ്ങിയിരുന്നു. കുറച്ച് നേരം കഴിഞ്ഞാണ് ചുറ്റും നോക്കിയത് കുറ്റാകൂരിരുട്ട് ചീവീടിന്റെ ശബ്ദവും എന്തൊക്കെയോ അനക്കങ്ങളും നാണയകുട്ടന് പേടിയായി തുടങ്ങി. പെട്ടന്നതാ രണ്ടു കണ്ണുകൾ തന്റെ അരികിലൂടെ ഓടിപ്പോകുന്നു. നാണയകുട്ടൻ പേടിച്ചരണ്ട് കരച്ചിലായി. പക്ഷേ ആര് കേൾക്കാൻ.!

ഈ സമയം നാണയം എണ്ണിക്കൊണ്ടിരുന്ന യജമാനന് ഒരു സംശയം ഒരു നാണയം കുറവുണ്ടോ? അദ്ദേഹം വീണ്ടും വീണ്ടും എണ്ണി നോക്കി. ശരിയാണ് ഒന്ന് കുറവുണ്ട്. ദൈവമേ അത് എവിടെപ്പോയി തനിക്കാധിയായി. ആ മുറിയിൽ വെളിച്ചമുള്ളിടത്തെല്ലാം താൻ പരതി ഇല്ല അവിടെങ്ങുമില്ല. പിന്നീട് മറ്റൊരുവിളക്ക് തെളിയിച്ചു അതുമായി അന്വേഷണം തുടങ്ങി. ഒത്തിരി നേരം അന്വേഷിച്ചു കണ്ടില്ല. എന്നാൽ അവസാന ശ്രമം എന്ന നിലയിൽ വീണ്ടും നാണയം കണ്ടെത്താനുള്ള പരിശ്രമം ആരംഭിച്ചു. അതാ ആ മൂലയിൽ ഒരു തിളക്കം. വെളിച്ചം നീട്ടി താൻ നോക്കിയപ്പോൾ അതാ നമ്മുടെ കഥാപാത്രം പേടിച്ചരണ്ട് കിടുകിടാ വിറച്ചിരിക്കുന്നു. സന്തോഷത്തോടെ യജമാനൻ അവനെകൈയ്യിലെടുത്തു തന്റെ തൂവാലകൊണ്ട് അവന്റെ മേലുള്ള അഴുക്കും പൊടിയുമെല്ലാം തുടച്ച് കളഞ്ഞ് മറ്റ് നാണയങ്ങൾക്കൊപ്പം തന്റെ സഞ്ചിയിലിട്ട് ഭദ്രമായി തന്റെ അരയിൽ തിരുകി. എന്നിട്ട് വീട്ടിലുള്ള ഏവരെയും തന്റെ സുഹൃത്തുക്കളെയും എല്ലാം വിളിച്ച് നഷ്ടപെട്ടുപോയ തന്റെ നാണയത്തെക്കുറിച്ചും അതിനെ തിരികെ കിട്ടിയ കഥയും ആഹ്ലാദത്തോടെ വിവരിച്ചു. ഇതെല്ലാം കേട്ടപ്പോഴാണ് വികൃതികുട്ടന് മനസ്സിലായത്. തന്നെ മൂല്യമുള്ളവനായാണ് യജമാനൻ കാണുന്നതെന്ന് അതു കൊണ്ടാണ് മാന്യമായ രീതിയിൽ അവിടുന്നു തന്നെ പരിപാലിക്കുന്നതെന്ന് "അവിടെ നിന്നും ഒളിച്ചോടുവാൻ നാം ശ്രമിച്ചാൽ നമ്മുടെ പേര് മൂല്യമുള്ളവൻ എന്നതിന് പകരം നഷ്ടപ്പെട്ടവൻ എന്നായി മാറും."





## SUNDAY SCHOOL DEPARTMENT

*Programme Calender 2018*

- **സമ്മർ ക്യാമ്പ്**
  ഏപ്രിൽ 30 – മെയ് 1 (കുമളി)
  മെയ് 11 – 12 (വയനാട്)
- **സെക്രട്ടറിമാരുടെ സമ്മേളനം**
  ഫെബ്രുവരി 24
  ജൂലൈ 7
- **സൺഡേസ്കൂൾ ഡേ**
  ഓഗസ്റ്റ് 12
- **സ്റ്റേറ്റ് ക്യാമ്പ്**
  ഓഗസ്റ്റ് 27 – 29
- **സ്റ്റേറ്റ് താലന്ത് പരിശോധന**
  ഒക്ടോബർ 18
- **വാർഷിക പരീക്ഷ**
  നവംബർ 25
- **മെറിറ്റ് പരീക്ഷ**
  ഡിസംബർ 29

കൂടുതൽ വിവരങ്ങൾക്ക് 9495542310, 9847820405

## സൈമൺ ഷേക്സ്പിയർ



# ചെകുത്താൻ വേദമോതിയാൽ

**പി**ശാചിനു വചനമറിയുമോ എന്തൊരു ചോദ്യമാണിത്. ബൈബിൾ കോളേജിലൊന്നും പിശാച് പഠിച്ചിട്ടില്ലല്ലോ. പിന്നെങ്ങനെ വചനമറിയും. എന്നാൽ ബൈബിൾ പറയുന്നത് നേരെ തിരിച്ചാണ്. പിശാചിനു വചനം അറിയാം. യേശുവിനെ പരീക്ഷിച്ചത് വചനം പറഞ്ഞാണ്. എന്നാൽ വചനത്തെ അടർത്തി മാറ്റിയാണെന്നു മാത്രം. ഇവിടെയാണ് 'ചെകുത്താൻ വേദമോതുന്നു' ശൈലിയുടെ ഉത്ഭവം (മത്താ.4:6). ഇങ്ങനെ ഒട്ടനവധി ശൈലികൾ ബൈബിളിൽ നിന്ന് നിഘണ്ടുവിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. യേശുവിനെ ഒരു നാണയം കാണിച്ചു പരീക്ഷിച്ചു സംഭവം നിങ്ങൾക്കറിയാമല്ലോ. അവിടെയുണ്ടായ സംഭവത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ശൈലിയാണ് 'കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും' (മത്താ.22:31). 'വാളെടുക്കുന്നവൻ വാളാൽ' എന്ന സുപരിചിതമായ പ്രയോഗം മത്തായി 26:52 ൽ നിന്ന് ഉണ്ടായിട്ടുള്ളതാണ്. കാലിക സംഭവങ്ങൾ കാണുമ്പോൾ ഈ ശൈലി എത്രമാത്രം ശരിയാണെന്നു മനസ്സിലാക്കാൻ പറ്റും. ചരിത്ര താളുകളിലൂടെ കണ്ണോടിക്കുമ്പോഴും ഈ ശൈലിയുടെ അർത്ഥം നമുക്ക് ഗ്രഹിക്കാം. ഇതുപോലെ അനേകം ശൈലികൾ ബൈബിളിൽ നിന്ന് മലയാളത്തിലേക്ക് വന്നിട്ടുണ്ട്. ഓരോന്നും എഴുതിയാൽ ഈ പുസ്തകത്തിൽ ഒതുങ്ങുകയില്ല! അതിനാൽ അവസാനമായി ഒരു ശൈലിയും കൂടി പറഞ്ഞ് നമുക്കു നിർത്താം. യേശുവിനെ തറച്ച ക്രൂശിലെ 'നസറായനായ യേശു യെഹൂദന്മാരുടെ രാജാവ്' എന്ന മേലെഴുത്ത് മാറ്റണമെന്ന് മഹാപുരോഹിതന്മാർ ആവശ്യപ്പെട്ടപ്പോൾ പീലാത്തോസ് പറഞ്ഞതും ഒരു ശൈലിയായി തീർന്നു. മാറ്റമില്ലാത്ത തീരുമാനം എന്നർത്ഥമുള്ള ആ ശൈലി യോഹന്നാൻ 19:22 ൽ കാണാം. ആ ശൈലി ഇതാ 'എഴുതിയത് എഴുതി'.



# പൊള്ളുന്ന ചൂടോ? വിഷമിക്കേണ്ട




തണുപ്പു ചൂടും അസഹനീയമായവിധം ഏറ്റക്കുറച്ചിൽ നടത്തുന്ന വിദേശരാജ്യങ്ങളിലെ വീടുകളിലൊക്കെ തൊർമൊസ്റ്റാറ്റ് എന്ന ഒരു ഉപകരണം ഉണ്ടാകാറുണ്ട്. ചൂടിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ഓട്ടോമാറ്റിക്കായി, മുറിക്കുള്ളിൽ തന്നെയുള്ള ചൂള ഓൺ/ഓഫ് ചെയ്യുന്ന ഒരു യന്ത്രസംവിധാനമാണ് "തെർമൊസ്റ്റാറ്റ്." അങ്ങനെ ചെയ്യുമ്പോൾ മുറിക്കുള്ളിൽ എപ്പോഴും സുഖകരമായ ഒരന്തരീക്ഷമായിരിക്കു ഉണ്ടാവുക.

നിങ്ങളുടെ ശരീരത്തിന്റെ താപനില നിയന്ത്രിക്കുവാൻ രണ്ടു തെർമോസ്റ്റാറ്റുകൾ നിങ്ങളുടെയുള്ളിൽ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് അറിയാമൊ? തലച്ചോറിന് പിന്നിലായിട്ടാണ് ദൈവം അവയെ ഉറപ്പിച്ചിരിക്കുന്നത്. നമ്മുടെ ചർമ്മവുമായി അവയ്ക്ക് വയർ കണക്ഷനുണ്ട്. ഹൈപ്പോതലാമസ് എന്നാണവയെ വിളിക്കുന്നത്.

ശരീരത്തിന്റെ ഊഷ്മാവ് ക്രമാതീതമായി വർദ്ധിക്കുമ്പോൾ നാം പോലുമറിയാതെ ഹൈപ്പോസതാമസ് തണുപ്പിക്കൽ പ്രക്രിയ ആരംഭിക്കും. അല്പം കൂടുതൽ രക്തത്തെ അങ്ങോട്ടേയ്ക്കൊഴുക്കിവിടുന്നു.

അപ്പോൾ വിയർപ്പുഗ്രന്ഥി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നു. വിയർക്കുമ്പോൾ സ്വേദകണികകളോടോപ്പം ചൂടും ക്രമേണ അപ്രത്യക്ഷമാകും. ശരീരം തണുക്കുകയും ചെയ്യും.

തണുപ്പനുഭവപ്പെടുമ്പോൾ നേരെ തിരിച്ചാണ് പ്രവർത്തന രീതി. ചർമ്മത്തിലേക്കുള്ള രക്ത പ്രവാഹം നിറുത്തും. വിയർപ്പില്ലാതെയാകും. ഉള്ള ചൂട് ഒട്ടും നഷ്ടപ്പെടാതിരിക്കുകയും ചെയ്യും. ചർമ്മം നല്ല ഒരു കോട്ടിന്റെ ജോലിയാണ് ഈയവസരത്തിൽ ചെയ്യുക.



മത്സ്യം പാമ്പ് പല്ലി തുടങ്ങിയ ശീതരക്ത ഇഴജന്തുക്കൾക്ക് ഇങ്ങനെയൊരു സംവിധാനമില്ല. ചൂട് നിയന്ത്രിക്കാൻ അവയ്ക്ക് കഴിയുകയില്ല. പക്ഷെ മനുഷ്യൻ ചൂടുരക്തമുള്ളവനാണ്. അന്തരീക്ഷത്തിൽ എന്ത് ഏറ്റക്കുറച്ചിലുണ്ടായാലും ശരീരോഷ്മാവിൽ കാര്യമായ മാറ്റമുണ്ടാവാതെ സംരക്ഷിക്കപ്പെടുവാനുള്ള പദവി ദൈവം നമുക്കാണ് തന്നിരിക്കുന്നത്.

98, 99 ഡിഗ്രിയാണ് നമ്മുടെ ശരീരത്തിന്റെ സാധാരണ ചൂട്. മുറിയിലെ ചൂട് 8 ഡിഗ്രി കൂടിയാൽ കുഴപ്പമൊന്നുമുണ്ടാവില്ല. എന്നാൽ ശരീരത്തിന്റെ ചൂട് അത്രയും കൂടിയാൽ നമ്മൾ മരിച്ചു പോകാനും ഇടയുണ്ട്. 8 ഡിഗ്രി കുറഞ്ഞാലോ? അതും അപകടമാണ്.

ദൈവം എത്ര ഭദ്രമായിട്ടാണ് നമ്മെ നിരന്തരം പരിപാലിക്കുന്നത്. അല്ലേ കൂട്ടുകാരെ.

ആർ. ജെ.

# ഭാഗ്യവാൻ


## മിടുക്കനായൊരു മണ്ടൻ

ഭാഗ്യവാൻ മിടുക്കനായിരുന്നു. പക്ഷേ പലപ്പോഴും പേരുപോലെ തന്നെ ഭാഗ്യംകൊണ്ടായിരുന്നു പല മണ്ടത്തരങ്ങളിൽ നിന്നും അവൻ രക്ഷപ്പെട്ടിരുന്നത്.










Health CORNER



# പ്രഭാത ഭക്ഷണം

**സജിനി ബ്ലെസൻ**

ഉണ്ണിക്കുട്ടന് ക്ലാസ്സിൽ ശ്രദ്ധിക്കാനേ കഴിയുന്നില്ല. നന്നായി അറിയാവുന്ന ഉത്തരങ്ങൾ പോലും അവൻ തെറ്റിച്ച് എഴുതുന്നു. പി.ടി.എ മീറ്റിങ്ങിന് ടീച്ചർ അമ്മയോട് അവനെപ്പറ്റി ഏറെ പരാതി പറഞ്ഞു. എന്നാൽ അമ്മയുടെ വെളിപ്പെടുത്തലുകൾ ടീച്ചർക്ക് കാര്യങ്ങൾ ബോധ്യമാക്കി.

ഉണ്ണിക്കുട്ടൻ സ്ഥിരമായി പ്രഭാതഭക്ഷണം കഴിക്കാറില്ല. രാവിലെ ട്യൂഷൻ ഉള്ളതുകൊണ്ട് ബിസ്കറ്റ് മാത്രമാണ് കഴിക്കുന്നത്. കുട്ടിക്ക് എപ്പോഴും ക്ഷീണമാണ്. സ്ഥിരമായി അസുഖങ്ങളും വരാറുണ്ട്. പഠനത്തിൽ ശ്രദ്ധയില്ല.

പ്രഭാതഭക്ഷണത്തിന്റെ പ്രാധാന്യതയെ കുറിച്ച് ടീച്ചർ വാചാലയായി.

പ്രഭാതഭക്ഷണം ദിവസത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും, ഒഴിച്ചുകൂടാനാവാത്തതുമായ ഭക്ഷണം ആണ്.

കുട്ടികൾക്ക് പോഷകസമൃദ്ധമായ പ്രഭാതഭക്ഷണമാണ് നൽകേണ്ടത്.

ആരോഗ്യകരമായ പ്രഭാതഭക്ഷണം കുട്ടികളിൽ ശാരീരികവും, മാനസീകവും, ബൗദ്ധികവുമായ വളർച്ചക്കും, വികാസത്തിനും സഹായിക്കുന്നു.

- കുട്ടികളിൽ പഠനത്തിനുള്ള ഏകാഗ്രതയും, ഓർമ്മശക്തിയും വർധിപ്പിക്കുന്നു.
- ചീത്ത കൊളസ്ട്രോൾ (LDL Cholestrol) കുറയ്ക്കുവാൻ സഹായിക്കുന്നു.
- പ്രായത്തിനനുസരിച്ചുള്ള തൂക്കം കൈവരിക്കാൻ സഹായിക്കുന്നു.
- പൊണ്ണതടിയും, ജീവിതാശൈലീരോഗങ്ങളും അകറ്റുന്നു.
- രോഗപ്രതിരോധശക്തി വർധിപ്പിക്കുന്നു.



പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ടിച്ചർ പറഞ്ഞപ്പോൾ അത്ഭുതത്തോടെ കേട്ടു നിന്നു. ഇന്ത്യയിൽ 70 % കുട്ടികളിൽ വിളർച്ചരോഗം (Iron deficiency Anaemia), 30 % കുട്ടികളിൽ പോഷകാഭാവ രോഗങ്ങൾ (Protein Energy Malnutrition), 10% കുട്ടികളിൽ അമിതഭാരം (obesity) തുടങ്ങിയവയാണ് അവയിൽ ചില രോഗങ്ങൾ

**പ്രഭാത ഭക്ഷണത്തിൽ ഉൾപെടുത്തേണ്ടവ**

മാംസ്യം, കാത്സ്യം, ഇരുമ്പ്, വൈറ്റമിനുകൾ എന്നിവ കൊണ്ട് സമ്പുഷ്ടമായിരിക്കണം പ്രഭാതഭക്ഷണം.

മുഴുധാന്യങ്ങളോടൊപ്പം പയർ, പരിപ്പ് മുതലായവ ഉപയോഗിക്കാം. പച്ചക്കറികളും, ഇലവർഗ്ഗങ്ങളും ഉൾപ്പെടുത്തണം.

ഉദാ: ദോശ, ഇടലി + സാമ്പാർ
പുട്ട് + കടലക്കറി
ചപ്പാത്തി + മുട്ടക്കറി
ക്യാരറ്റും, മുളപ്പിച്ച പയറും ചേർത്ത ഉപ്പുമാവ്
ആവിയിൽ വേവിച്ച ഭക്ഷണങ്ങൾ, റാഗി പുട്ട്
പാൽ മുട്ട ഏത്തപ്പഴം

**പ്രഭാത ഭക്ഷണത്തിൽ ഒഴിവാക്കേണ്ടവ**

ബേക്കറി സാധനങ്ങൾ, എണ്ണ പലഹാരങ്ങൾ.
ഫാസ്റ്റ് ഫുഡ്.
മൈദ ഉപയോഗിച്ചുള്ള ഭക്ഷണങ്ങൾ.
മധുരപലഹാരങ്ങൾ, ചോക്ലേറ്റ്.

*Eat Breakfast like a King, lunch like a Prince, dinner like a Pauper ..*

പ്രഭാത ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസിലാക്കിയ ഉണ്ണിക്കുട്ടനും, അമ്മയും ടീച്ചറോട് നന്ദി പറഞ്ഞു.



# അറിവിലേയ്ക്കൊരു കോവേണി



1) പ്രഭാതത്തിൽ നാലുകാലിലും മദ്ധ്യാഹ്നത്തിൽ രണ്ടു കാലിലും സായാഹ്നത്തിൽ മൂന്നു കാലിലും നടക്കുന്ന ജീവി ഏതാണ്?

2) ഏതു ധാന്യത്തിന്റെ വിത്താണ് പണ്ട് കാലത്ത് ഇംഗ്ലണ്ടിൽ നീളം അളക്കാൻ ഉപയോഗിച്ചിരുന്നത്?

3) ഈ ഇംഗ്ലീഷ് വാക്കിന് ആകെ അഞ്ച് അക്ഷരം. എന്നാൽ നാല് അക്ഷരം ഈ വാക്കിൽ നിന്ന് എടുത്തു മാറ്റിയാലും ഈ വാക്കിന്റെ ഉച്ചാരണം മാറില്ല. ഈ വാക്കിന്റെ അക്ഷരിക അർത്ഥം 'വാൽ' എന്നാണ്. ഏതാണീ ഇംഗ്ലീഷ് വാക്ക്?

4) ഭിക്ഷക്കാർക്കു കൊടുക്കുന്ന അപ്പം എന്നർത്ഥത്തിൽ ഉപയോഗിച്ചിരുന്ന ഒരു ഇംഗ്ലീഷ് വാക്കുണ്ട്. ഈ വാക്കിന്റെ അർത്ഥം ഇന്നാകെ മാറി. അഞ്ചക്ഷരമുള്ള ഒരു വാക്കാണിത്. ഏതാണീ ഇംഗ്ലീഷ് വാക്ക്?



5) ഈ കഥയ്ക്ക് (ചരിത്രത്തിന്) രണ്ടു ഭാഗങ്ങളുണ്ട്. ആദ്യ ഭാഗം ഇങ്ങനെ: തന്റെ പരീക്ഷണങ്ങളിലൂടെ വികസിപ്പിച്ച മരുന്ന് മനുഷ്യരിൽ കുത്തി വെക്കാൻ ഇദ്ദേഹം മടിച്ചിരുന്ന കാലം. അങ്ങനെയിരിക്കെ ഒരമ്മ തന്റെ 9 വയസ്സുള്ള മകനുമായി ഇദ്ദേഹത്തിന്റെ അടുത്തെത്തി. അലമുറയിട്ടു കൊണ്ട് അവർ അദ്ദേഹത്തോട് അപേക്ഷിച്ചു, പുതിയ മരുന്ന് കുട്ടിയിൽ പ്രയോഗിക്കാൻ. ഗത്യന്തരമില്ലാതെ തന്റെ മരുന്ന് അദ്ദേഹം പ്രയോഗിച്ചു. കുട്ടി ജീവിച്ചു. ശാസ്ത്രം ജയിച്ചു.

വർഷങ്ങൾ കഴിഞ്ഞു. ഇനി രണ്ടാം ഭാഗം. രണ്ടാം ലോക മഹായുദ്ധകാലത്ത് ജർമ്മൻ പട്ടാളം ഫ്രാൻസിലേക്ക് ഇരച്ചു കയറി. അതിൽ ചിലർ ഒരു ശവകുടീരം തുറക്കാൻ കാവൽ



ക്കാരനോട് ആജ്ഞാപിച്ചു. വൃദ്ധനായ കാവൽക്കാരനെ വകവെക്കാതെ അവർ ആ ശവക്കല്ലറ തുറന്നു. തന്റെ ജീവൻ രക്ഷിച്ച പ്രതിഭയുടെ ഭൗതിക ശരീരം അവഹേളിക്കുന്നത് കാണാനുള്ള ശക്തിയില്ലാതെ അന്നത്തെ ആ 9 വയസ്സുകാരൻ, ആ വയസ്സൻ കാവൽക്കാരൻ ജോസഫ് മെയ് സ്റ്റർ ആത്മഹത്യ ചെയ്തു. ചോദ്യം ആരായിരുന്നു ആ ശാസ്ത്രജ്ഞൻ?

6) നീൽ ആംസ്ട്രോങ് ചന്ദ്രനിൽ കാലുകുത്തിയത് ഏതു കാലു വെച്ച്?



7) 1953 ൽ ഇദ്ദേഹം പ്രശസ്തനായി. ഇദ്ദേഹം ഏതു രാജ്യത്തെയാണ് പ്രതിനിധീകരിക്കുന്നതെന്ന് ആർക്കും അറിയില്ല. ഇക്കാര്യത്തിൽ രണ്ടു രാജ്യങ്ങൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായി. രണ്ടു രാജ്യങ്ങളും ഇദ്ദേഹത്തിന്റെ വിജയം ഗംഭീരമായി ആഘോഷിച്ചു. താൻ ഏതു രാജ്യക്കാരനാണെന്ന് ഇദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ് 'ഞാൻ ജനിച്ചത് നേപ്പാളിന്റെ ഉദരത്തിലാണ്. എങ്കിലും വളർന്നത് ഇന്ത്യയുടെ മടിത്തട്ടിലാണ്. ആരാണിയാൾ?'

8) 1984 - ലെ പ്രസിദ്ധമായ സംഭാഷണം ഒരു വ്യക്തിയോട് അന്നത്തെ പ്രധാനമന്ത്രി ഒരു ചോദ്യം ചോദിച്ചപ്പോൾ, ഇദ്ദേഹം ഇങ്ങനെ ഉത്തരം പറഞ്ഞു 'സാരേ ജഹാം സേ അച്ഛാ' ആരാണിവർ?



9) പീക്കോക്കിന്റെ മുട്ടയുടെ നിറമെന്ത്?

10) ഡോ. എസ്. രാധാകൃഷ്ണൻ ഇന്ത്യയുടെ എത്രാമത്തെ പ്രസിഡന്റായിരുന്നു എന്ന് ഇംഗ്ലീഷിൽ എങ്ങനെ ചോദിക്കും?

ഉത്തരങ്ങൾ

1) മനുഷ്യൻ (പ്രഭാതം- കുഞ്ഞായിരിക്കുന്ന അവസ്ഥ- നാലു കാലിൽ; മദ്ധ്യാഹ്നം- മദ്ധ്യവയസ്സു വരെ- രണ്ടു കാലിൽ; സായാഹ്നം- വാർദ്ധക്യം-വടിപിടിച്ച് നടക്കുന്ന അവസ്ഥ)
2) ബാർലി (3 ബാർലി വിത്തുകൾ ചേരുന്നതായിരുന്നു 1 ഇഞ്ച്) ബാർലി, ബൈബിളിൽ പറയുന്ന 'യവം' തന്നെ.
3) Queue (ueue എടുത്തു മാറ്റിയാലും ഉച്ചാരണം മാറില്ല)
4) Bribe (കോഴ, കൈക്കൂലി എന്നർത്ഥം)
5) ലൂയി പാസ്റ്റർ
6) ഇടത്തേക്കാൽ. (1969 ജൂലൈ 21 ന് ഇടത്തേകാൽ കുത്തിയിറങ്ങിയ ആസ്ട്രോങ്ങിനു ശേഷം 11 പേർ കൂടി ചന്ദ്രനിൽ കാലുകുത്തി. ആർക്കും ഒരു പ്രശ്നവുമുണ്ടായില്ല. ചന്ദ്രൻ അതുപോലെ നിൽക്കുന്നു. ചന്ദ്രനിൽ ഇറങ്ങിയവർക്ക് ഒന്നും സംഭവിച്ചില്ല. ശുഭാരംഭത്തിനു നമുക്കു മാത്രം വലത്തേ കാൽ. നാം എന്താ മാറാത്തത്!)
7) ടെൻസിങ് നോർഗെ
8) രാകേഷ് ശർമ്മയും ഇന്ദിരാഗാന്ധിയും (ബഹിരാകാശത്തു നിന്ന് ഇന്ത്യ എങ്ങനെ എന്ന ചോദ്യത്തിനുള്ള മറുപടി)
9) പീക്കോക്ക് മുട്ടയിടാറില്ല (പീഹെൻ ആണ് മുട്ടയിടുന്നത്).
10) What number President of India was Dr. S. Radhakrishnan?



ഫിലാൻ

# ദൈവം നൽകിയ സൈക്കിൾ

രണ്ടാം ലോകമഹായുദ്ധകാലം ഒരു ദിവസം കുറെ അപ്പവുമായി ഒരു ചൈനീസ് ബാലൻ മനിലയിലെ വൈ.എം.സി.എ സെക്രട്ടറിയുടെ അടുത്തെത്തി. സർ, ഇത് പട്ടിണികിടക്കുന്ന കുട്ടികൾക്ക് അയച്ചുകൊടുക്കണം പ്ലീസ്...

"മോനെവിടെനിന്നു കിട്ടി ഈ അപ്പം" സെക്രട്ടറി കാര്യം തിരക്കി. അപ്പോഴാണറിയുന്നത്, അവൻ സൈക്കിൾ വാങ്ങാൻ ശേഖരിച്ചു വച്ചിരുന്ന പതിനാല് പെസോ (രൂപാ) കൊടുത്തു വാങ്ങിയതാണ്. തലേദിവസത്തെ കുടുംബ പ്രാർത്ഥനയിൽ അവന്റെ പിതാവ് പട്ടിണി അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചതുകൊണ്ടാണ് അവൻ അങ്ങെനെയൊരു തീരുമാനമെടുത്തത്.

കുട്ടിയുടെ ത്യാഗം കണ്ട സെക്രട്ടറി വൈ.എം.സി.എ അംഗങ്ങളെയെല്ലാം വിളിച്ചുകൂട്ടി അപ്പം ലേലം ചെയ്യാൻ തിരുമാനിച്ചു. പതിനാലു പെസായുടെ അപ്പം 1254 പെസോയ്ക്കാണ് അന്നു വിറ്റുപോയത്. ആ പണം അവർ കുട്ടിയുടെ പേരിൽ പട്ടിണിപ്പാവങ്ങൾക്ക് അയച്ചു കൊടുത്തു. കുട്ടിയുടെ കഥ വൈ.എം.സി.എ ബുള്ളറ്റിനിലൂടെ ലോകം മുഴുവൻ അറിഞ്ഞു. ഇതു വായിച്ച ന്യൂയോർക്കിലെ ഭക്തയായ ഒരു സ്ത്രീ അവന് സൈക്കിൾ വാങ്ങാൻ പണം അയച്ചു കൊടുത്തു.

തനിക്കുള്ളതു മുഴുവൻ ദൈവത്തിനു കൊടുത്തപ്പോൾ ദൈവം കുട്ടിയുടെ ആഗ്രഹം അറിഞ്ഞ് സൈക്കിൾ നൽകിയത് കണ്ടോ കൂട്ടുകാരേ...

ഈ പുതുവത്സരത്തിൽ നമുക്കുള്ളത് മറ്റുള്ളവർക്കുകൂടി പങ്കുവയ്ക്കാം.



വേദബന്ധു



# തടിപ്പിച്ച കാള



തടിച്ച കാള എന്നു കേട്ടിട്ടുണ്ട് അല്ലേ? എന്നാൽ ഇവിടെ തടിപ്പിച്ച കാള തലക്കെട്ടിൽ വന്ന അക്ഷരത്തെറ്റാണെന്നു വിചാരിക്കുന്നുണ്ടോ കൂട്ടുകാർ. എന്നാൽ ശരി തന്നെയാണ് മുകളിൽ അച്ചടിച്ചിരിക്കുന്നത്. തടിപ്പിച്ച കാള ഇംഗ്ലീഷിൽ ഇതിനെ 'Fattened calf' എന്നു വിളിക്കും. ലൂക്കോസിന്റെ സുവിശേഷത്തിൽ അപ്പന്റെ സ്വത്തുമായി നാടുവിട്ട പുത്രന്റെ ഉപമയിൽ ഇതു കാണാം. എന്താണ് ഇങ്ങനെയൊരു പേര് കാളയ്ക്കു വന്നത്. അതിന്റെ പിന്നിൽ രസകരമായ കാര്യമുണ്ട്. വേദപുസ്തക കാലഘട്ടത്തിൽ കന്നുകാലി കൂട്ടത്തിലെ ഒരു കാളയെ സവിശേഷമായ ആഹാരം കൊടുത്ത് (ഇന്നത്തെ കാലത്ത് പ്രോട്ടീൻ പൗഡർ, വൈറ്റമിൻസ് എന്നിവ കൊടുക്കുന്നതു പോലെ) തടി വെപ്പിച്ചിരുന്നു. കൊഴുത്തു തടിച്ച സ്മാർട്ട് കാള. എന്തിനുവേണ്ടി?

വിശേഷ സന്ദർഭങ്ങളിൽ അറക്കുവാൻ വേണ്ടി. ലൂക്കൊസ് 15 ലെ ഇളയ പുത്രൻ തിരിച്ചു വന്നപ്പോൾ (നമ്മൾ ഇട്ടു കൊടുത്ത പേരാണ് 'മുടിയൻ പുത്രൻ' എന്നത്. വേദപുസ്തകത്തിൽ ഇങ്ങനെ ഇല്ലേയില്ല!) അപ്പൻ അവിടെ ഉണ്ടായിരുന്ന തടിപ്പിച്ച കാളയെ അറുത്ത് ആഘോഷിച്ചു. അങ്ങനെ തടിപ്പിച്ച കാള, വഴിക്കണ്ണുമായി മകനെ കാത്തിരുന്ന പിതാവിന്റെ സന്തോഷ സൂചകമായി മാറി. 'തടിപ്പിച്ച കാളയെ അറുക്കുക' എന്നു പറഞ്ഞാൽ അത്യാഡംബരപൂർവ്വം ആഘോഷിക്കുക എന്നതിന്റെ പര്യായമായി തീർന്നു ആധുനിക കാലഘട്ടത്തിൽ.






ഫിലാൻ

# വിരുതൻ ജിമ്മി

**വി**രുതുകൾ കാട്ടി മറ്റുള്ളവരെ പറ്റിച്ച് മിടുക്കനാകാമെന്നാണ് ജിമ്മിക്കുട്ടന്റെ വിചാരം. പക്ഷേ അവന്റെ അടവുകളൊന്നും തൊമ്മിച്ചായന്റെ അടുത്ത് ചെലവാകാറില്ല. ഒരിക്കൽ .....

"എടാ ജിമ്മീ, നീ ഇന്ന് ബൈബിൾ വായിച്ചോ ?"

"അതെന്നാ ചോദ്യമാ അച്ചായാ! ഞാനെന്നും ബൈബിൾ വായിക്കുന്നതല്ലേ ... "

"ഇന്നേതു ഭാഗമാടാ നീ വായിച്ചത് ?"

"മർക്കോസ് 17 - ാം അദ്ധ്യായം"

"ഓഹോ, ആ ഭാഗത്തു നിന്നും ദൈവം നിന്നോട് സംസാരിച്ചോ ?

"പിന്നെ ... യേശുക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികളല്ലേ അവിടെ പറഞ്ഞരിക്കുന്നത്. നമ്മൾ വിശ്വസിച്ചാൽ....

"മതി, മതി, നീ ഇന്ന് ബൈബിൾ വായിച്ചേയില്ലെന്ന് എനിക്കു മനസ്സിലായി. എങ്ങനെയെന്ന് കൂട്ടുകാർക്ക് പറയാമോ ?

**ഉത്തരം 26 – ാം പേജിൽ**




# ART Corner




**Sam**
Age 9
Kaviyoor

**Angel**
Age 13
Tiruvalla



paste
your
art
work

**Josh K. Shibu**
Age 9
Tiruvalla





# ടെക്കനും ടെക്കിയും



തയ്യാറാക്കിയത്: റെന്നി. ജെ

## വഴി തെറ്റിക്കൽ ആപ്പ് ഡൗൺലോഡ് ചെയ്യുന്നവർ

സ്വ. ലേ

മൂല്യങ്ങളുള്ളതും വ്യത്യസ്ഥങ്ങളുമായ അനവധി ആപ്പുകൾ ഉണ്ടായിട്ടും വഴിതെറ്റിക്കൽ ആപ്പ് തന്നെ തിരഞ്ഞെടുത്ത് യുവതലമുറ. ഒരിക്കൽ ഇൻസ്റ്റാൾ ചെയ്താൽ അതിനെ അൺ ഇൻസ്റ്റാൾ ചെയ്യാൻ ഏറെ ശ്രമകരമായി മാറും എന്നതിനാൽ ഇത് ഉപയോഗിക്കുന്നവരിൽ ഭൂരിഭാഗവും മൂല്യങ്ങളില്ലാത്തവരും, ക്രിമിനലുകളും, ചതിവും വഞ്ചനയും ശീലമാക്കിയവരും ആയി മാറുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ജീവിതം ലഹരിയായി മാറ്റേണ്ടവർ ലഹരി ജീവിതമാക്കി മാറ്റുന്നു മുഖത്തോട് മുഖം നോക്കി വർത്തമാനം പറഞ്ഞിരുന്നവർ ഇന്ന് മുഖപുസ്തകത്തിൽ മാത്രം വർത്തമാനം പറയുന്നു whats up എന്ന് പരസ്പരം ചോദിച്ചിരുന്നവർ ഇന്ന് whatsapp ലൂടെ മാത്രം വിശേഷങ്ങൾ പങ്കുവെക്കുന്നു. ഇങ്ങനെ ഏറെ ഗുരുതരമായ സ്ഥിതിവിശേഷമാണിവിടെ സംജാതമായി കൊണ്ടിരിക്കുന്നത്. ഇതിന് പരിഹാരമായി അടിയന്തരമായ തീരുമാനങ്ങൾ വ്യക്തികൾ എടുക്കുകയും അതിനനുകൂലമായ അന്തരീക്ഷം കുടുംബങ്ങൾ ഒരുക്കി നൽകുകയും സഭകൾ അതിന് ആവശ്യമായ ശരിയായ പ്രോത്സാഹനം നൽകുകയും ചെയ്യേണ്ടത് ആവശ്യമാണെന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു.



ATTENTION
Read Me

## പ്രത്യേക അറിയിപ്പ്

ഇന്ന് ടെക്കനും ടെക്കിയും ഇച്ചിരി ഗൗരവത്തിൽ ആയതിനാൽ വായനക്കാരും കുറച്ച് ഗൗരവത്തിൽ ഇത് വായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണമെന്ന് അറിയിക്കുന്നു.

web:
www.cogsundayschool.org
Email:
cgisundayschool@gmail.com
Facebook
cogsundayschool



## അനുശോചനം

'ഓഖി' പ്രകൃതി ദുരന്തത്തിനിരയായി മരണപെട്ടവരെ ഏവരെയും സ്മരിച്ച് ഞങ്ങളുടെ അനുശോചനങ്ങൾ അറിയിക്കുന്നു. ദുരന്തത്തിന്റെ കെടുതികൾ അനുഭവിക്കുന്നവരെ ഓർത്ത് പ്രാർത്ഥിക്കുന്നു.

ഓർമ്മിക്കാൻ: പ്രകൃതി ദുരന്തങ്ങൾ നൽകുന്ന 2 മുന്നറിയിപ്പുകൾ

(1) നാം പ്രകൃതിയെ വേദനിപ്പിക്കുന്നു.

(2) നമ്മുടെ പ്രത്യാശ നിവർത്തിയാകാറായി.






# തിമിംഗലം തിന്ന തലകൾ

*(ബ്ലൂവെയിലുമായി നടത്തിയ അഭിമുഖത്തിൽ നിന്നും)*

കടലിൽ മാത്രമല്ല കരയിലും ജീവിക്കുന്ന ജീവിയാണ് താൻ എന്ന് തെളിയിച്ചു കൊണ്ടിതാ തിമിംഗലം തന്റെ കരയിലേക്കുള്ള വരവറിയിച്ചിരിക്കുന്നു. ലോകമെമ്പാടും വിനോദ ജാലകങ്ങളിലൂടെ അനേകം പേരുടെ ജീവൻ എടുത്തുകൊണ്ടാണ് തന്റെ ശക്തി തെളിയിച്ചത്. ഇനിയും ഇന്റർനെറ്റിലും മൊബൈലിലും ജീവിതം അർപ്പിച്ചിരിക്കുന്ന അനേകരെ താൻ ലക്ഷ്യം വെച്ചിട്ടുണ്ടെന്ന് ഞങ്ങളോട് പറഞ്ഞു.



# ലോകം കീഴടക്കുന്നവർ

ഭയപ്പെടുത്തുക എന്നതല്ല സ്നേഹിക്കുക എന്നതാണ് ഏറ്റവും വലിയ യുദ്ധതന്ത്രം എന്ന് ലോകത്തെ പഠിപ്പിച്ച ആളാണ് നമ്മുടെ യേശു. അവിടുന്ന് പറഞ്ഞ ഏറെ ശ്രദ്ധേയമായൊരു ചിന്തയാണിന്ന് നാം ജീവിതത്തിൽ പകർത്തുവാൻ പോകുന്നത്. സ്നേഹമെന്ന ആവനാഴിയിലെ ഏറ്റവും പ്രഹരശേഷിയുള്ള അമ്പാണ് 'സൗമ്യത'. ഈ ആയുധം പ്രയോഗിക്കുവാൻ അറിയുന്നവരും, പരിശീലിക്കുന്നവരും ലോകം കൈവശമാക്കും എന്നതാണ് അവിടുന്ന് നമ്മോട് പറയുന്നത്. 'കാര്യങ്ങളെ ശാന്തമായി കാണുവാനും, അവയോട് വിവേകത്തോടെ പ്രതികരിക്കുവാനും ഉള്ള കഴിവിനെയാണ്' സൗമ്യത എന്ന് പറയുന്നത്. ചിന്തിക്കൂ നമുക്കത് ഉണ്ടോ?

# സെൽഫി കുട്ടന്മാരുടെ ലോകം

ലോകം മൊബൈലിന്റെ ടച്ച് സ്ക്രീനിലെ ഒരു ബട്ടണിലേക്ക് ഒതുങ്ങി എന്ന് പറഞ്ഞപ്പോൾ ഇത്രയും വിചാരിച്ചില്ല. സെൽഫി സ്ക്രീനിൽ ലോകം നമ്മുടെ പുറകിലായി. സൂര്യനെ പുറകിലാക്കിയുള്ള സെൽഫി, ആകാശത്തിന്റെ നെറുകയിൽ നിന്നുള്ള സെൽഫി. വെള്ളത്തിനടിയിൽ മീനുകൾക്കൊപ്പം ശ്വാസം പിടിച്ചൊരു സെൽഫി അങ്ങനെ "ഞാനും എന്റെ പടവും" മാത്രം ഇഷ്ടപെടുന്നവരുടെതായി തുടങ്ങി ഈ ലോകം. ചുരുക്കി പറഞ്ഞാൽ ലോകം എന്റെ സെൽഫി സ്ക്രീനിൽ ഒതുങ്ങി തുടങ്ങി.



# ടെക്കന്റമ്മാവൻ & ടെക്കമ്മായി



# കൗൺസിലറോടു ചോദിക്കാം

ഡോ. സജി കെ. പി.



**ചോദ്യം:** സർ, ഞാൻ നന്നായി പഠിക്കുന്ന വ്യക്തിയാണ്. പക്ഷേ എനിക്ക് മറ്റുള്ളവരോട് ഇടപഴകാനുള്ള കഴിവ് വളരെ കുറവാണ്. ആർക്കും എന്നെ ഇഷ്ടമല്ല എന്നാണ് എന്റെ ചിന്ത. അതുകൊണ്ട് ഒത്തിരി പ്രശ്നങ്ങൾ എനിക്കുണ്ട്. അപരിചിതരോട് സംസാരിക്കാൻ എനിക്ക് വളരെ ബുദ്ധിമുട്ടാണ്. എന്താണ് ഇതിനൊരു പരിഹാരം.

**ഉത്തരം:** നാം നമ്മെത്തന്നെ എങ്ങനെ വിലയിരുത്തുന്നു എന്നതിനനുസരിച്ചാണ് മറ്റുള്ളവരോട് നാം ഇടപഴകുമ്പോൾ നാം സന്തോഷമുള്ളവരാകുമോ അതോ ദുഃഖിതരാവുമോ എന്ന് തീരുമാനിക്കപ്പെടുന്നത്. വളരെ ചെറുപ്പത്തിൽ നമുക്ക് കിട്ടിയ സാഹചര്യങ്ങളും മാതാപിതാക്കളിൽ നിന്ന് ലഭിച്ച ധാരണകളുമെല്ലാം ചേർന്ന് ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം രൂപപ്പെടും. വളരെ കഴിവും താലന്തുകളും ഉണ്ടെങ്കിൽ പോലും ആത്മവിശ്വാസമില്ലെങ്കിൽ അവയെ ഒന്നും നന്നായി പ്രയോജനപ്പെടുത്തുവാൻ കഴിയുകയില്ല.

ആത്മവിശ്വാസത്തിന് ഇടിവ് സംഭവിച്ച ആളുകൾ എപ്പോഴും സ്വയം വിമർശിച്ചു കൊണ്ടിരിക്കും. അവർക്ക് എപ്പോഴും അംഗീകാരത്തിനും അഭിനന്ദനങ്ങൾക്കും കൊതിയുണ്ടായിരിക്കും. ഇവ ലഭിച്ചില്ലെങ്കിൽ "ഞാൻ ഒന്നിനും കൊള്ളാത്ത" ആളാണ് എന്ന് സ്വയം വിലയിരുത്തും. കളിയാക്കുന്നവരുടെ മുമ്പിൽ പിടിച്ചു നിൽക്കാൻ ഇവർക്ക് സാധിക്കില്ല. എന്തിന്റെയും നെഗറ്റീവ് വശമായിരിക്കും ആദ്യം കാണുക. സ്വന്തം കഴിവുകളെയും നേട്ടങ്ങളെയും സ്വയം അംഗീകരിക്കില്ലെന്നു മാത്രമല്ല, കഴിവും മിടുക്കും അല്പം കൂടുതൽ ഉള്ളവരോട് സ്വയം താരതമ്യപ്പെടുത്തി ഇക്കൂട്ടർ വിഷമിക്കാറുമുണ്ട്.

ഒട്ടും സ്വാതന്ത്ര്യം ലഭിക്കാതെ വളർത്തപ്പെട്ടവർ, എപ്പോഴും വിമർശനങ്ങൾ മാത്രം കേട്ടു വളർന്നവർ, പരസ്പരം എപ്പോഴും വഴക്കുണ്ടാകുന്ന മാതാപിതാക്കളുടെ മക്കൾ, ഭയത്തിലും ആശങ്കയിലും ജീവിക്കേണ്ടി വന്നവർ, മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിരുന്ന മാതാപിതാക്കളുടെ മക്കൾ എന്നിവരിലെല്ലാം ആത്മവിശ്വാസത്തിന്റെ പ്രശ്നങ്ങൾ കാണപ്പെടാൻ സാധ്യത കൂടുതലാണ്.

നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും മുകളിൽ എഴുതിയിരിക്കുന്ന ചോദ്യത്തിലെ പ്രശ്നങ്ങളെ അതിജീവിക്കുവാനും എന്തു ചെയ്യണമെന്ന് നോക്കാം:

1.ആദ്യമായി ആത്മവിശ്വാസക്കുറവു മൂലം നിങ്ങൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കുക. അത്തരം സാഹചര്യങ്ങളിൽ നിങ്ങളുടെ മനസ്സിനോട് നിങ്ങൾ പറഞ്ഞു കൊണ്ടിരുന്ന സന്ദേശം എന്തെന്ന് കണ്ടു പിടിക്കുക. അതായത് 'എന്നെ ആരും അംഗീകരിക്കില്ല', 'ഞാൻ ഒട്ടും സൗന്ദര്യമില്ലാത്ത ആളാണ്', 'ആളുകൾക്കെല്ലാം എന്നോട് വെറുപ്പാണ്' എന്നിങ്ങനെയുള്ള സന്ദേശങ്ങളായിരിക്കാം മനസ്സിൽ കയറി വന്ന് മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാക്കിയത്.

2.ആത്മവിശ്വാസം വളർത്തിയെടുക്കാൻ തീർച്ചയായും ആത്മവിശ്വാസം കെടുത്തുന്ന തെറ്റായ നിഗമനങ്ങളെ അതിജീവിച്ചേ മതിയാകൂ. അതിനു വേണ്ടി മേൽപ്പറഞ്ഞ ഓരോ തെറ്റായ നിഗമനങ്ങളേയും നിങ്ങൾ കീഴടക്കണം. അതിനായി സ്വയമായ ഒരു 'ആക്ഷൻപ്ലാൻ' ഉണ്ടാക്കൂ. ഉദാഹരണത്തിന് 'എന്നെ ആർക്കും ഇഷ്ടമല്ല' എന്ന് മനസ്സിൽ കയറി വരുന്ന ചിന്തയെ നേരിടുക. 'എന്നെ ആർക്കെങ്കിലുമൊക്കെ ഇഷ്ടമായിരിക്കും' എന്ന് ആ ചിന്തയെ സ്വയം തിരുത്തുക.

3.നിങ്ങളുടെ നെഗറ്റീവ് മാത്രം ചിന്തിക്കാനും ആകുലപ്പെടാനും മാത്രം ശീലിച്ചയാളായിരിക്കും നിങ്ങൾ. ആത്മവിശ്വാസപ്രശ്നം രൂപപ്പെടുന്നതും ഇങ്ങനെയാണ്. ഇതിന് ഒരു മാറ്റം കൊണ്ടു വരിക. അതായത് നിങ്ങളുടെ കഴിവുകൾ, താലന്തുകൾ എന്നിവയുടെ ഒരു ലിസ്റ്റ് അത്യാവശ്യമായി ഉണ്ടാക്കുക. എന്നും കാണാവുന്ന വിധത്തിൽ അതിനെ എവിടെയെങ്കിലും ഒട്ടിച്ച് വയ്ക്കുക.

4.അപരിചിതരോട് സംസാരിക്കാൻ ഒട്ടും കഴിയുന്നില്ല എന്ന സ്വഭാവം മാറ്റിയെടുക്കാൻ ചിട്ടയായ ഒരു പരിശീലനം രൂപപ്പെടുത്തുക. ഒരു ദിവസം ഒരു പരിചയമില്ലാത്ത വ്യക്തിയോടെങ്കിലും സംസാരിക്കാൻ പരിശീലിക്കുക. അങ്ങനെ പടിപടിയായി അപരിചിതരോടുള്ള ഭയം മാറ്റിയെടുക്കുക.

5. ദൈവത്തിൽ ആശ്രയിക്കാൻ ശീലിക്കുക. നമ്മുടെ ബലഹീനതകൾ അറിഞ്ഞ് കൂടെയിരിക്കാനും ചേർത്തു പിടിക്കാനും യേശുകർത്താവ് അരികിൽ ഉണ്ട് എന്ന് മനസ്സിലാക്കുക. അതിന് ദിനംപ്രതി പ്രാർത്ഥനയും ധ്യാനവും വേണം.

# സമ്മാനം.. സമ്മാനം..

**ഇത്** നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. കിടിലൻ സമ്മാനങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു. വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ **2018 ഏപ്രിൽ 30നു മുൻപായി** മറുപുറത്തു കൊടുത്തിരിക്കുന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. പ്രസിദ്ധീകരണയോഗ്യമായത് അടുത്ത ലക്കം 'നന്മ'യിൽ ചേർക്കുന്നതാണ്.

ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# പദപ്രശ്നം

പാസ്റ്റർ ഗ്ലാഡ്സൺ ജോൺ

**താഴോട്ട്**

1. വേദപുസ്തകത്തിലെ അവസാന ഗ്രന്ഥം?
2. മോശയ്ക്ക് ശേഷം യിസ്രായേലിന്റെ നായകൻ?
6. പ്രാർത്ഥിച്ച കാരണത്താൽ സിംഹത്തിന്റെ ഗുഹയിൽ ഇട്ടതാരെ?
9. 'അജ്ഞാനദേവന്' എന്ന എഴുത്തുള്ള വേദിയുള്ള സ്ഥലം ഏത്?

**വലത്തോട്ട്**

3. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന് പറഞ്ഞതാര്?
4. ദൈവം പകൽ എന്ന് പേരിട്ടത് എന്തിന്?
2. മത്സ്യത്തിന്റെ വയറ്റിൽ കിടന്ന് പ്രാർത്ഥിച്ച പ്രവാചകൻ?
6. ഹാഗാർ സാറായുടെ ആരായിരുന്നു?
10. ലൂസിന് യാക്കോബിട്ട പേര്?


**മുകളിലേക്ക്**

5. യോനായെ ദൈവം അയച്ചത് ഏത് പട്ടണത്തിലേക്ക്?
7. ഏലീശയുടെ ശിഷ്യൻ?

**ഇടത്തോട്ട്**

8. കുടുംബത്തിന്റെ രക്ഷയ്ക്കായിട്ട് പെട്ടകം പണിത വ്യക്തി?
9. യേശു ശപിച്ച വൃക്ഷം?

**പദപ്രശ്നം പൂരിപ്പിച്ച് 2018 ഏപ്രിൽ 30നു മുൻപായി അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാസൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം**





**സമ്മാനം, സമ്മാനം, നന്മ,**
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
**E:** cgisundayschool@gmail.com
**W: www.cogsundayschool.org**

# സോമുവിന്റെ സൂത്രം

സ്ക്രിപ്റ്റ് & ആർട്ട്:
ബിജു കെ ജോൺ



വലിയ സൂത്രക്കാരനാണ് സോമു. ഒരു ദിവസം ചെണ്ടയുംകൊട്ടി അവൻ കാട്ടിലൂടെ യാത്ര ചെയ്യുകയായിരുന്നു.



ആ സമയത്താണ് കാട്ടിലെ മരമണ്ടൻ കരടി അതുവഴി വന്നത്. കരടി സോമുവിന്റെ മുമ്പിലേക്ക് ചാടിവീണു. ഹ ... ഹ ... ഹ ഇന്നത്തെ കാര്യം കുശാൽ.




കരടിയെകൊണ്ട് ഭയന്ന സോമു ഭയം പുറത്തു കാണിക്കാതെ ഒരു സൂത്രം പ്രയോഗിച്ചു. കരടിച്ചേട്ടാ.. ചേട്ടനെന്നെ തിന്നുന്നതിനുമുമ്പ് എനിക്കൊരു ആഗ്രഹമുണ്ട്. ചേട്ടനെനിക്ക് സാധിച്ചുതരണം.




"ഉം എന്താണ് നിന്റെ ആഗ്രഹം ചോദിച്ചോളൂ ..." അതു കേട്ടപ്പോൾ സോമു പറഞ്ഞു, കരടിച്ചേട്ടൻ ഈ ചെണ്ട ഒന്നു കൊട്ടണം. ചേട്ടൻ കൊട്ടുന്നതനുസരിച്ച് എനിക്കൊന്നു നൃത്തം ചെയ്യാനാ".

# സോമുവിന്റെ സൂത്രം



ങാ ഹാ ... അതാണോ നിന്റെ ആഗ്രഹം സാധിച്ചു തരാം. നീ ആ ചെണ്ടയിങ്ങുതാ.. ഞാനിപ്പോൾ തന്നെ നിന്റെ ആഗ്രഹം. മണ്ടൻ കരടി പറഞ്ഞു.



സോമു, ചെണ്ട മണ്ടൻ കരടിയുടെ കയ്യിൽ കൊടുത്തു. കരടിയതു കഴുത്തിൽ തൂക്കി കൊട്ടാൻ തുടങ്ങി.

**ഡിണ്ടുക ... ഡിണ്ട .. ഡിണ്ടക ഡിണ്ട ...**



സൂത്രക്കാരനായ സോമു വിളിച്ചുകൂകി എന്നെ രക്ഷിക്കണേ... ചെണ്ടയുടെ ശബ്ദം കൊണ്ട് സോമു എന്താണ് വിളിച്ചു പറഞ്ഞതെന്ന് മണ്ടൻ കരടിക്ക് മനസ്സിലായില്ല.



ചെണ്ടയുടെ ശബ്ദവും സോമുവിന്റെ നിലവിളിയും കേട്ട് നാട്ടുകാർ ഓടിക്കൂടി ബഹളംവെച്ചു. നാട്ടുകാരെ കണ്ട് കരടി ചെണ്ടയും വലിച്ചെറിഞ്ഞ് ഒറ്റയോട്ടം. അങ്ങനെ സൂത്രക്കാരനായ സോമു രക്ഷപെട്ടു.

18-ാം പേജിലെ ചോദ്യത്തിന്റെ ഉത്തരം: മർക്കോസിൽ 17-ാം അദ്ധ്യായം ഇല്ല.

# മാർട്ടിൻ ലൂഥർ




**മോ**ക്ഷപ്രാപ്തിക്കു വേണ്ടി ധാരാളം ശ്രമങ്ങൾ നടത്തി ക്ഷീണിതനായ ഒരു യുവാവായിരുന്നു മാർട്ടിൻ. സ്വയം പീഢിപ്പിക്കുന്നതും ഉപവസിക്കുന്നതും സാധാരണയായിരുന്നു. ഒരിക്കൽ റോമിലെ പീലാത്തോസിന്റെ കല്പടവുകളിലെ ഓരോ പടവുകളും ചുംബിച്ചുകൊണ്ട് മുട്ടിൽ ഇഴഞ്ഞു കയറുകയുണ്ടായി.






ഇങ്ങനെയും രക്ഷയും ദൈവീക സമാധാനവും സമ്പാദിക്കാമെന്നായിരുന്നു മാർട്ടിൻ കരുതിയത്. അങ്ങനെയിരിക്കെ ബൈബിളിലെ ഒരു വാക്യം മാർട്ടിന്റെ ശ്രദ്ധയിൽപ്പെട്ടു. നീതിമാൻ വിശ്വാസത്താൽ ജീവിക്കും" രക്ഷക്കുവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും വിഫലമാണെന്നും താൻ കണ്ടെത്തി.

അന്ന് സഭയിൽ നിലവിലിരുന്ന പല കാര്യങ്ങളും തെറ്റും ദുരുപദേശങ്ങളുമാണെന്ന് മാർട്ടിൻ മനസ്സിലാക്കി. ഇതെല്ലാം കൂടെ ഒരു ഫലകത്തിൽ എഴുതി വിറ്റസ്ബർഗ് ദേവാലയത്തിന്റെ വാതിലിൽ മാർട്ടിൻ തറച്ചുവച്ചു.

തന്റെ ശിഷ്ടജീവിതം സഭയിലെ ദുരുപദേശങ്ങൾ തിരുത്തുവാൻ വേണ്ടി ലൂഥർ വിനിയോഗിച്ചു. റോമിലെ മാർപ്പാപ്പ തനിക്കെതിരെ കൊടുങ്കാറ്റഴിച്ചുവിട്ടിട്ടും ദൈവം തന്നെ രക്ഷിച്ചു. നവീകരണ പ്രസ്ഥാനം അനുഗ്രഹമായി തുടക്കം കുറിക്കപ്പെട്ടത് അന്നായിരുന്നു.



ടുട്ടുവിന് പറ്റിയ പറ്റ്...!
കഥ& ചിത്രീകരണം
ബിജു. കെ. ജോൺ
പുതുപ്പള്ളി
വലിയ കുസൃതിക്കാരനാണ് ടുട്ടുകരടി.
ഹായ് എന്തു രസം ഇങ്ങനെ ചാടാൻ
അങ്ങനെ അവൻ നടന്നു നീങ്ങുമ്പോൾ...
ങേ... ഇതു കൊള്ളാമല്ലോ...
കുരങ്ങൻ ചേട്ടനെപ്പോലെ മരക്കൊമ്പിൽ ആടാൻ എന്ത് രസമായിരിക്കും.
കരടിക്കുട്ടാ... കുരങ്ങച്ചന്റെ പോലുള്ള ശരീരമല്ല ദൈവം നിനക്ക് തന്നത്
നീ അങ്ങനെയാടിയാൽ അത് അപകടമാ...
ഹും നിനക്ക് അസൂയയാ...


പക്ഷി പറഞ്ഞത് അനുസരിക്കാതെ ടുട്ടു ഒരുവിധത്തിൽ മരത്തിൽ കയറി.
അങ്ങനെയവൻ ആടാൻ തുടങ്ങി.
അല്പനേരം കഴിഞ്ഞപ്പോൾ ടുട്ടുകരടിക്ക് അവന്റെ ഭാരം താങ്ങാൻ കഴിയാതെയായി.
ഹമ്മോ.. കൈ വേദനിക്കുന്നു.
വേദന സഹിക്കാതെ ടുട്ടു കൈവിട്ടതും..
അവനവന് പറ്റിയതേ ചെയ്യാവൂ.
ധിം
ഹമ്മോ...

# നല്ലത് വായിച്ച് നന്നായി വളരാം!



